നം. ഇ.എസ്3-31477/2014/അ.വ.ഡ

ആരോഗ്യ വകുപ്പു ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 02/12/2014

# നോട്ടീസ്

വിഷയം- അരോഗ്യവകുപ്പ്-സേവനകാര്യം-സ്റ്റാഫ് നഴ്സ് ഗ്രേഡ്-11 തസ്തികയിലെ സീനിയോറിട്ടി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനായി നോട്ടീസ് നൽകുന്നത്-സംബന്ധിച്ച്

സൂചന- 1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ ജെ2-27935/2012/ഡി.എം.എ തീയതി 01/11/2013.

2. ശ്രീമതി.ഏലിയാമ്മ. എം.ജെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 ഫയൽ ചെയ്ത ഒ.എ 375/2014 നമ്പർ വ്യവഹാരത്തിന്മേൽ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 20/03/2014-ലെ ഉത്തരവ്.

3. സർക്കാർ ഉത്തരവ് നമ്പർ(സാ.ധാ) 3018/2014/ ആ.കു.വ തീയതി 04/09/2014.

4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കത്തു നമ്പർ ജെ2-10964/2014 തീയതി 23/06/2014,20/09/2014 & 14/1/2014.

5. കോട്ടയം മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ കത്തു നമ്പർ 14250(എ2)/എ1/2013 തീയതി 18/11/2014.

6. ഈ ഓഫീസ് ഉത്തരവ് നമ്പർ ഇ.എസ്3- 73956/06/അ.വ.ഡ തീയതി 25/10/2007.

മേൽ സൂചന 1 ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഗ്രേഡ്-1 സ്റ്റാഫ് നഴ്സുമാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിച്ചിരുന്നു. മെഡിക്കൽ കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിലും നിലനിന്നിരുന്ന ദ്വിഭരണ സമ്പ്രദായം അവസാനിക്കുന്നതിനു മുൻപ് ഈ വകുപ്പിനു കീഴിൽ ജോലി ചെയ്തിരുന്നവരും, ദ്വിഭരണ സമ്പ്രദായം അവസാനിച്ചതിന്റെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ഓപ്ഷൻ നല്കി പോയവരുമായ നഴ്സുമാരാണ് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത സീനിയോറിട്ടി ലിസ്റ്റിൽ അപാകതകളുള്ളതായി പരാതിപ്പെട്ടുകൊണ്ട് തൃശ്ശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രിയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 ആയ ശ്രീമതി. ഏലിയാമ്മ.എം.ജെ ഫയൽ ചെയ്ത ഒ.എ.375/2014 നമ്പർ വ്യവഹാരത്തിന്മേലുള്ള ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സൂചന 2 വിധിയിൽ, പരാതിക്കാരിയുടെ അപ്പീലുകൾ പരിശോധിച്ച്, പരാതിക്കാരെയും ഈ വിഷയം ബാധിക്കുന്നവരെയും ഹിയറിംഗ് നടത്തി നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. അപ്രകാരം ബഹു: ട്രിബ്യൂണലിന്റെ വിധി പാലിച്ചുകൊണ്ട് സൂചന 3 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിൽ സൂചന 1 സീനിയോറിട്ടി ലിസ്റ്റ് ബന്ധപ്പെട്ട നഴ്സുമാരുടെ മാതൃവകുപ്പായ ആരോഗ്യവകുപ്പിലെ സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണെന്നും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ

സീനിയോറിട്ടിയിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല എന്നും നിരീക്ഷിക്കുകയുണ്ടായി. തുടർന്ന് പരാതിക്കാരുടെ എൻട്രി കേഡർ തസ്തികയിൽ അനുവദിച്ച സീനിയോറിട്ടി ക്രമത്തിൽ പാകപ്പിഴകളുണ്ടെങ്കിൽ അപ്പീൽ ലഭിക്കുന്ന പക്ഷം ആയത് പരിഹരിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നല്കി. മേൽ വിവരിച്ച വ്യവഹാരത്തിന്മേലുള്ള നടപടിക്രമങ്ങളുടെ ഭാഗമായി, സീനിയോറിട്ടി ക്രമം തെറ്റായി നിർണ്ണയിക്കപ്പെട്ടു എന്ന് പ്രസ്തുത വ്യവഹാരത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ട നഴ്സുമാരുടെ സർവീസ് വിവരങ്ങൾ നൽകുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് അഭ്യർത്ഥിച്ചിരുന്നു. അപ്രകാരം പ്രസ്തുത നഴ്സുമാരുടെയും, മെഡിക്കൽ വിദ്യാഭ്യാസ ഡയക്ടറുടെ പരിശോധനയിൽ സീനിയോറിട്ടി നിർണ്ണയത്തിൽ അപാകതകളുണ്ടെന്ന് ബോദ്ധ്യപ്പെട്ട ഏതാനും നഴ്സുമാരുടെയും സർവീസ് വിവരങ്ങൾ സൂചന 4, 5 എന്നീ കത്തുകൾ മുഖേന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/കോട്ടയം മെഡി: കോളേജ് സൂപ്രണ്ട് എന്നിവർ അയച്ചുതന്നിരിക്കുന്നു. ഇപ്രകാരമുള്ള സർവ്വീസ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്ന് പ്രസ്തുത നഴ്സുമാർക്ക് ഈ വകുപ്പിൽ സൂചന 6 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 07/07/1990 മുതൽ 31/12/2002 വരെ സർവ്വീസിൽ പ്രവേശിച്ച സ്റ്റാഫ് നഴ്സ് ഗ്രേഡ്–2 മാരുടെ സീനിയോറിട്ടി ലിസ്റ്റിൽ അനുവദിച്ചിട്ടുള്ള സീനിയോറിട്ടി ക്രമത്തിൽ പാകപ്പിഴകളുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ വകുപ്പിൽ സർവ്വീസിൽ പ്രവേശിച്ച ശേഷം പ്രസ്തുത ജീവനക്കാർ നേടിയിട്ടുള്ള **അന്തർജില്ലാ സ്ഥലം മാറ്റം/ രണ്ടാം പി.എസ്.സി നിയമനം/ പ്രൊബേഷൻ കാലാവധി പൂർത്തീകരിക്കുന്നതിനു മുൻപായുള്ള ദീർഘകാല അവധി** എന്നിവ കണക്കിലെടുക്കാതെ അവർക്ക് സീനിയോറിട്ടി നിർണ്ണയിച്ചു നൽകിയിട്ടുള്ളതിനാൽ തെറ്റായ സീനിയോറിട്ടി ക്രമത്തിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് ഗ്രേഡ്–1 തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത്. ഈ വകുപ്പിൽ നിലനിന്നിരുന്ന സീനിയോറിട്ടി ക്രമം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും നിലനിർത്തിയതിനാൽ സൂചന 1 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച സീനിയോറിട്ടി ലിസ്റ്റിലും അപാകതകൾ കടന്നുകൂടാനിടയായി.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ, സീനിയോറിട്ടി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഇതിനോടനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ വിശദീകരിച്ച പ്രകാരം പ്രസ്തുത നഴ്സുമാരുടെ സീനിയോറിട്ടി ക്രമം പുനർനിർണ്ണയിക്കുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനത്തിൽ പ്രസ്തുത നഴ്സുമാർക്ക് ഏതെങ്കിലും തരത്തിലുള്ള അക്ഷേപങ്ങളുള്ള പക്ഷം ആയത് രേഖാമൂലം **31/12/2014**നകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഈ വിഷയത്തിൽ പ്രസ്തുത ജീവനക്കാർക്ക് എന്തെങ്കിലും വസ്തുതകൾ നേരിട്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതിനായി **2015 ജനുവരി മാസം 13–ാം തീയതി രാവിലെ 11 മണിക്ക്** ഈ ഓഫീസിലെ അഡീഷണൽ ഡയറക്ടർ(മെഡിക്കൽ) മുമ്പാകെ ഒരു ഹിയറിംഗ് നടത്തുവാനും തീരുമാനിച്ചിരിക്കുന്നു. ടി

ഹിയറിംഗിൽ ഹാജരായി പ്രസ്തുത ജീവനക്കാർക്ക് അവരുടെ ആവലാതികൾ ബോധിപ്പിക്കാവുന്നതാണ്.

മേൽ വിവരിച്ച തീരുമാനത്തിന്മേൽ ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തുനിന്നും ആക്ഷേപങ്ങളൊന്നും ലഭിക്കാത്തപക്ഷം അവർക്ക് ഇക്കാര്യത്തിൽ യാതൊന്നും തന്നെ ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്

**ഡോ.പി.എൻ. രമണി**

ഹെൽത്ത് സർവ്വീസസ് അഡീഷണൽ ഡയറക്ടർ(മെഡിക്കൽ)

വ്യക്തിഗത പകർപ്പുകൾ – ബന്ധപ്പെട്ട ജീവനക്കാർക്ക്(മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

പകർപ്പ്–1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം – പ്രസ്തുത ജീവനക്കാർക്ക് വ്യക്തിഗത പകർപ്പുകൾ കൈമാറുവാൻ അഭ്യർത്ഥനയോടെ.

2. അരോഗ്യവകുപ്പിന്റെ വെബ്സൈറ്റ് – www.dhs.kerala.gov.in

3. ഫയൽ/കരുതൽ ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്

3/12